**14-ാം കേരള നിയമ സഭ**
**10-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 574** **28-03-2018 -ൽ മറുപടിയ്ക്ക്**

**റേഡിയേഷൻ സുരക്ഷ ഡയറക്ടറേറ്റിന്റെ പ്രവർത്തനം**

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**<br>**ശ്രീ.കെ.എൻ.എ ഖാദർ**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**ശ്രീ.പി.ഉബൈദുള്ള** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**<br>**(ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) റേഡിയേഷൻ സുരക്ഷ ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾക്ക് കേന്ദ്ര അറ്റോമിക് എനർജി റഗുലേറ്ററി ബോർഡ് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡുമായി സർക്കാർ ധാരണാപത്രം ഒപ്പ് വയ്ക്കുന്നതു വരെ റേഡിയേഷൻ സുരക്ഷാ നിയമം, 2004 പ്രകാരമുള്ള സുരക്ഷാപരിശോധനകൾ നടത്തുന്നതിൽ നിന്ന് റേഡിയേഷൻ സുരക്ഷാ കാര്യാലയം വിട്ടു നിൽക്കണമെന്ന് ആണവോർജ്ജ നിയന്ത്രണ ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (ബി) ഇങ്ങനെ സംഭവിക്കാനിടയായ സാഹചര്യം വിശദമാക്കുമോ; | (ബി) റേഡിയേഷൻ സുരക്ഷാ കാര്യാലയത്തിന് കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡിന്റെ അംഗീകാരം 31.12.2016-വരെ മാത്രമെ ലഭിച്ചിരുന്നുള്ളു. ധാരണാ പത്രം ഒപ്പു വയ്ക്കാത്തതിനാൽ റേഡിയേഷൻ സുരക്ഷാ കാര്യാലയത്തിന്റെ അംഗീകാരം നഷ്ടപ്പെട്ടെന്നും, അംഗീകാരം ലഭിക്കുന്നത് വരെ സുരക്ഷാ പരിശോധനകൾ അടക്കമുള്ള പ്രവർത്തനങ്ങളിൽ നിന്നും റേഡിയേഷൻ സുരക്ഷാ കാര്യാലയം വിട്ടു നിൽക്കണമെന്നും കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡ് അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എക്സ്റേ യൂണിറ്റുകളുടെയും മറ്റ് അനുബന്ധ റേഡിയേഷൻ രോഗനിർണ്ണയ ഉപാധികളുടെയും സുരക്ഷ പരിശോധന നടത്തി ലൈസൻസ് നൽകുകയെന്ന അതിപ്രധാനമായ ചുമതല നിർവ്വഹിച്ചു വന്ന റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റ് നാമമാത്രമാകുന്നത് വഴി സംസ്ഥാനത്തുണ്ടാകുന്ന ഗുരുതര പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അടിയന്തരമായി ഈ വിഷയത്തിൽ ഇടപെട്ട് കേന്ദ്ര അറ്റോമിക്ക് എനർജി ബോർഡിന്റെ അംഗീകാരം നേടിയെടുക്കാൻ പരിശ്രമിക്കുമോ? | (സി) | കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡിന്റെ അംഗീകാരം നേടിയെടുക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ